# കേരള സർവകലാശാല

നം. പി.ആർ.288/2018 ഫോൺ : 2305738

## പത്രക്കുറിപ്പ്

## പരീക്ഷ മാറ്റി

കേരള സർവകലാശാല ജനുവരി എട്ടിന് നടത്താനിരുന്ന മൂന്നാം വർഷ ബി. എസ്സി നഴ്സിംഗ് സപ്ലിമെന്ററി/മേഴ്സി ചാൻസ് പരീക്ഷ ജനുവരി ഒൻപതിലേയ്ക്ക് മാറ്റിയിരിക്കുന്നു. മറ്റു തീയതികളിലെ പരീക്ഷകൾക്ക് മാറ്റമില്ല.

## യു.ജി.-പി.ജി.പ്രവേശനം 2018 – മാർജിനൽ ഇൻക്രീസിന് അപേക്ഷ ക്ഷണിക്കുന്നു.

കേരള സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ആർട്സ്&സയൻസ് കോളേജുകൾ, യു.ഐ.ടി കേന്ദ്രങ്ങൾ, ഐ.എച്ച്.ആർ.ഡി. കോളേജുകൾ എന്നിവിടങ്ങളിൽ നിന്നും 2018-ലെ യു.ജി./പി.ജി. പ്രവേശനവുമായി ബന്ധപ്പെട്ട് സീറ്റുകളുടെ മാർജിനൽ ഇൻക്രീസിനുള്ള അപേക്ഷ ക്ഷണിക്കുന്നു. വിശദാംശങ്ങൾ കോളേജിലേയ്ക്ക് ഇ-മെയിൽ ചെയ്തിട്ടുണ്ട്. അപേക്ഷകൾ സമർപ്പിക്കുന്നതിനുള്ള അവസാനതീയതി 31.01.2018.

*(തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, പത്തനംതിട്ട എഡിഷനുകളിൽ പ്രസിദ്ധീകരിക്കുന്നതിന്)*

## ബി.എ ഫലം

കേരള സർവകലാശാല 2017 ജൂണിൽ നടത്തിയ ബി.എ രണ്ടാം വർഷ (പാർട്ട് ഒന്ന് & രണ്ട്), പന്തളം എൻ.എസ്.എസ് കോളേജിൽ പരീക്ഷ എഴുതിയ വിദ്യാർത്ഥികളുടെ തടഞ്ഞ് വച്ചിരുന്ന പരീക്ഷാഫലം പ്രസിദ്ധീകരിച്ചു.

## ക്ലാസ്സുകൾ ഉണ്ടായിരിക്കുന്നതല്ല

കേരള സർവകലാശാല വിദൂരപഠന വിഭാഗം കൊല്ലം സെന്ററിൽ നടത്തുന്ന ഒന്നാം വർഷ ബിരുദക്ലാസ്സുകൾക്ക് ജനുവരി ആറ്, ഏഴ് തീയതികളിൽ അവധിയായിരിക്കും.

## പി.എച്ച്.ഡി കോഴ്സ്വർക്ക് പരീക്ഷകളുടെ പുതുക്കിയ തീയതി

കേരള സർവകലാശാല ഡിസംബർ 19, 20, 21 ന് നടത്താനിരുന്ന പി.എച്ച്.ഡി കോഴ്സ് വർക്ക് പരീക്ഷ 2018 ജനുവരി ഒൻപത്, 10, 11 തീയതികളിൽ നടത്തുന്നതാണ്.

## ഡോ. എസ്.കെ. സുധീർ അനുശോചന യോഗം സംഘടിപ്പിച്ചു

ഒപ്റ്റോഇലക്ട്രോണിക്സ് പഠന വിഭാഗം അസിസ്റ്റന്റ് പ്രൊഫസറായിരുന്ന ഡോ. എസ്.കെ. സുധീറിന്റെ നിര്യാണത്തെ തുടർന്ന് കേരള സർവകലാശാല അനുശോചന യോഗം സംഘടിപ്പിച്ചു. സെനറ്റ് ചേംബറിൽ വ്യാഴാഴ്ച്ച ഉച്ചയ്ക്ക് മൂന്ന് മണിയ്ക്ക് നടന്ന ചടങ്ങിൽ കേരള സർവകലാശാല രജിസ്ട്രാർ ഡോ. ആർ. ജയചന്ദ്രൻ അദ്ധ്യക്ഷം വഹിച്ചു. ഗവേഷണ, അദ്ധ്യാപക രംഗത്ത് മികവ് പ്രകടിപ്പിച്ചിരുന്ന ഡോ. എസ്.കെ. സുധീറിന്റെ നിര്യാണം സർവകലാശാലയ്ക്ക് തീരാനഷ്ടമാണെന്ന് രജിസ്ട്രാർ അദ്ധ്യക്ഷ പ്രസംഗത്തിൽ അഭിപ്രായപ്പെട്ടു. ചടങ്ങിൽ വിവിധ വകുപ്പ് മേധാവികൾ, അദ്ധ്യാപകർ, സർവകലാശാല ജീവനക്കാർ, വിദ്യാർത്ഥികൾ തുടങ്ങിയവർ പങ്കെടുത്തു.

## എം.ടെക് ഫലം

**കേരള സർവകലാശാല 2017 ജൂണിൽ നടത്തിയ എം.ടെക് ഒന്നാം സെമസ്റ്റർ (ഫുൾടൈം/പാർട്ട്ടൈം), മൂന്നാം സെമസ്റ്റർ (പാർട്ട്ടൈം) ഇലക്ട്രോണിക്സ് ആന്റ് കമ്മ്യൂണിക്കേഷൻ എൻജിനീയറിംഗ് പരീക്ഷയുടെ ഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.**

തിരുവനന്തപുരം.
04.01.2018

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

**e-mail: ku.release@gmail.com** **website: www.keralauniversity.ac.in**

**University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**